MD; 31/01/2019

# ജില്ലയുടെ വികസന സാധ്യതകൾ ചർച്ചചെയ്ത് സ്റ്റാർട്ടപ് മിഷൻ സെമിനാർ

**കാസർകോട്:** കേരള സ്റ്റാർട്ടപ് മിഷൻ ജില്ലയിലെ സംരംഭകരെയും സംരംഭക കൂട്ടായ്മകളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി കാസർകോട് സി.പി.സി.ആർ.ഐയിൽ ബ്രേക്ഫാസ്റ്റ് കൂട്ടായ്മ സംഘടിപ്പിച്ചു. സാമൂഹിക കാർഷിക സംരംഭങ്ങളിലൂടെ ശ്രദ്ധേയനായ സ്റ്റാർട്ടപ് നിക്ഷേപകനും ഉപദേശകനുമായ നാഗരാജ പ്രകാശവുമായുള്ള കൂടിക്കാഴ്ച തദ്ദേശീയ ഉൽപന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിനും മാലിന്യ സംസ്കരണമടക്കം കീറാമുട്ടിയായിക്കിടക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സാധ്യത തേടുന്നതായി.



കേരള സ്റ്റാർട്ടപ് മിഷൻ ജില്ലയിലെ സംരംഭകരെയും സംരംഭക കൂട്ടായ്മകളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി കാസർകോട് സി.പി.സി.ആർ.ഐയിൽ സംഘടിപ്പിച്ച ബ്രേക്ഫാസ്റ്റ് കൂട്ടായ്മ

കേരള സ്റ്റാർട്ടപ് മിഷൻ, സി.പി.സി.ആർ.ഐ, നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സ് എന്നിവയുടെ ആഭിമുഖ്യത്തിലാണ് 'സാമൂഹിക സ്റ്റാർട്ടപ്പുകൾ: അവസരങ്ങളും വെല്ലുവിളികളും' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചത്. കലക്ടർ ഡോ. ഡി. സജിത് ബാബുവിൻെറ നേതൃത്വത്തിൽ നടന്ന ബ്രേക്ക് ഫാസ്റ്റ് മീറ്റോടെയാണ് പരിപാടിക്ക് തുടക്കമായത്.

വ്യാവസായിക രംഗത്ത് മുന്നേറാൻ തദ്ദേശീയ ഉൽപന്നങ്ങളുടെ സാധ്യത കണ്ടെത്താനും അവക്ക് വിപണി കണ്ടെത്താനും കഴിയണം. ഝാർഖണ്ഡ്, മധുര, നാഗ്പൂർ പോലുള്ള പ്രദേശങ്ങൾ അടുത്തകാലത്തായി വ്യാവസായികമായി മുന്നേറ്റം കൈവരിച്ചത് തനത് ഉൽപന്നങ്ങളെ വിജയകരമായി മാർക്കറ്റ് ചെയ്യാൻ കഴിഞ്ഞത് കൊണ്ടാണ്. തനത് വിഭവങ്ങളെ പ്രോത്സാഹിപ്പിക്കാൻ കാസർകോട് കഫേ, ഐ.ടി പാർക്കുകൾ, സപ്തഭാഷ എഫ്.എം സ്റ്റേഷൻ, ബാംബൂ പാർക്കുകൾ എന്നിവ ജില്ല ഭരണകൂടത്തിൻെറ ആഭിമുഖ്യത്തിൽ തുടങ്ങും. ജില്ലയിലെ മാലിന്യ സംസ്കരണത്തിന് ഫലപ്രദമായ പരിഹാരം കാണുന്നതിന് 'ഇൻഡോർ' മാതൃക പരീക്ഷിക്കപ്പെടണമെന്നും അത് വ്യാവസായികമായി ഏറ്റെടുത്ത് നടത്താൻ സംരംഭകർ മുന്നോട്ട് വരണമെന്നും കലക്ടർ പറഞ്ഞു.

സ്റ്റാർട്ടപ് മിഷൻ പ്രോജക്ട് കോഓഡിനേറ്റർ സവാദ്, മലബാർ ഇന്നോവേഷൻ എം.ഡി സുഭാഷ് ബാബു, സി.പി.സി.ആർ.ഐ ഡയറക്ടർ ഡോ. അനിത കരുൺ, ഡോ. മുരളി, ശ്രീധരൻ, എൻ.എ. അബൂബക്കർ, നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സ് ജന. കൺവീനർ എ.കെ. ശ്യാം പ്രസാദ്, ചേംബർ ഓഫ് കോമേഴ്സ് സെക്രട്ടറി മുഹമ്മദ് അലി ഫത്താഹ്, കെ.സി.ഡി.എ ഡയറക്ടർ ഡോ. നിസാം ഫലാഹ്, കാസർകോടിനൊരിടം പ്രതിനിധി സുബിൻ ജോസ്, സി.പി.സി.ആർ.ഐ ബിസിനസ് മാനേജർ അലോക്നാഥ്, സ്റ്റാർട്ടപ് സ്ഥാപകർ, സംരംഭകർ എന്നിവർ സംസാരിച്ചു.